©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 ജൂൺ 14<br>14th June 2022<br>1197 ഇടവം 31<br>31st Idavam 1197<br>1944 ജ്യേഷ്ഠം 24<br>24th Jyaishta 1944 | നമ്പർ<br>No. | 1954 |

### കേരള സർക്കാർ

വനം - വന്യജീവി (സി) വകുപ്പ്

വിജ്ഞാപനം

ജി.ഒ.(പി) നമ്പർ 16/2022/വനം — *തിരുവനന്തപുരം, 2022 മേയ് 10*

*1197 മേടം 27.*

**എസ്. ആർ. ഒ. നമ്പർ 597/2022**

1961 - ലെ കേരള വന ആക്റ്റിന്റെ (1962 - ലെ 4) 4-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ ഇതിനാൽ,-

(എ) താഴെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലം ഒരു റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലത്തെ സംബന്ധിച്ച്, അത്തരം അതിർത്തികൾക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്തിലോ അഥവാ അപ്രകാരമുള്ള സ്ഥലത്തുള്ള ഏതെങ്കിലും വനവിഭവത്തിന്മേലോ ഏതെങ്കിലും ആൾക്കുണ്ടെന്ന് അവകാശപ്പെടുന്നതോ, പറയപ്പെടുന്നതോ ആയ ഏതെങ്കിലും അവകാശത്തിന്റെ നിലനിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും, അത്, പ്രസ്തുത ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കൈകാര്യം ചെയ്യുന്നതിനും വേണ്ടി ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറെ, ഔദ്യോഗിക നിലയിൽ, ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായിനിയമിക്കുകയും;

(സി) ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കപ്പെട്ട ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ, പ്രസ്തുത ആക്റ്റിന്റെ II-ാം അദ്ധ്യായത്തിൻ കീഴിൽ നടത്തുന്ന ഏതൊരു അന്വേഷണത്തിലും സർക്കാരിനു വേണ്ടി ഹാജരാകുന്നതിന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ, ഔദ്യോഗിക നിലയിൽ നിയമിക്കുകയും ചെയ്യുന്നു.

## പട്ടിക

| ജില്ല | താലൂക്ക് | വില്ലേജ് | ഫോറസ്റ്റ് ഡിവിഷന്റെ പേര് | ഫോറസ്റ്റ് റെയിഞ്ചിന്റെ പേര് | സർവ്വേ നം. | വിസ്തീർണ്ണം (ഹെക്ടറിൽ) | അതിരുകൾ വടക്ക് | കിഴക്ക് | തെക്ക് | പടിഞ്ഞാറ് |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| ഇടുക്കി | ദേവികുളം | കുഞ്ചിത്തണ്ണി | മൂന്നാർ | ദേവികുളം | പാർട്ട് 1, ബ്ലോക്ക് 9, പാർട്ട് 113, ബ്ലോക്ക് 10 | 87.37 | ചേറാടിക്കുന്ന് റോഡും ബ്ലോക്ക് നം. 10 - ലെ സർവ്വേ നം. 113 - ലെ സ്വകാര്യ കൈവശഭൂമിയും, തുടർന്ന് ആനച്ചാൽ - വെള്ളത്തുവൽ റോഡ്, കെ.എസ്. ഇ..ബി ഓഫീസ്, വില്ലേജ് ഓഫിസും തുടർന്ന് ടി റോഡും തുടർന്ന് ബ്ലോക്ക് നം. 9 ൽ | ബ്ളോക്ക് നം. 9 - ൽ സർവ്വെ നം. 1 ൽ ജണ്ടയിട്ട് വേർതിരിച്ചിട്ടുള്ളതും, കെ. എസ്. ഇ.ബി - ക്ക് കൈമാറിയിരുന്നതും എന്നാൽ നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതുമായ റവന്യൂ ഭൂമി | ഇൻലന്റ് കനാലും തുടർന്ന് നിർദ്ദിഷ്ട റിസർവ്വിന്റെ മധ്യഭാഗത്തേക്ക് ഡാമുവരെ നീളുന്ന റിസർവ്വോയറിന്റെ അതിർത്തി ആനച്ചാൽ വെള്ളത്തുവൽ റോഡ് നിർദ്ദിഷ്ട റിസർവ്വിൽ | ജണ്ടയിട്ട് വേർതിരിച്ചിട്ടുള്ളതും സർവ്വെ നമ്പർ 229, 136, 135, 134, 133, 132, 114 എന്നിവയാൽ ചുറ്റപ്പെട്ടതുമായ ബ്ലോക്ക് നമ്പർ 10 - ൽ സർവ്വെ നമ്പർ 113 - ലെ ഭൂമിയുടെ പടിഞ്ഞാറെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | സർവ്വെ നം. 1 ൽ ജണ്ടയിട്ട് വേർതിരിച്ചിട്ടുള്ളതും, കെ.എസ്.ഇ.ബിക്ക് കൈമാറിയിട്ടുള്ളതും എന്നാൽ നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതുമായ റവന്യൂ ഭൂമി | | പ്രവേശിക്കുന്നതു വരെ | അതിരും തുടർന്ന് ചേറാടിക്കുന്നു റോഡ് സർവ്വെ നമ്പർ 113 കടന്നുപോകുന്നതിന്റെ തുടക്കഭാഗത്ത് എത്തുന്നതു വരെയും ചേറാടിക്കുന്ന് റോഡിന്റെ വടക്ക് ഭാഗത്ത് സർവ്വെ നമ്പർ 113 - ലെ സ്വകാര്യ കൈവശങ്ങൾ ഒഴിവാക്കിയും |

<u>ഒഴിവാക്കലുകൾ</u>

1) നിർദ്ദിഷ്ട റിസർവ്വിൽ കൂടി കടന്നുപോകുന്ന വില്ലേജ് ഓഫീസ് മുതൽ ഡാം വരെയുള്ള ആനച്ചാൽ വെള്ളത്തുവൽ റോഡ്.

2) പ്ലാന്റേഷന്റെ വടക്ക് ഭാഗത്ത് ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയ്ക്കായി മാറ്റിയതും പടിഞ്ഞാറ് ഭാഗത്ത് കെ.എസ്.ഇ.ബി. സർവ്വീസ് റോഡിനാലും കിഴക്ക് തോടിനാലും പ്ലാന്റേഷനിൽ നിന്നും വേർതിരിക്കപ്പെട്ടതുമായ ഭൂമി

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**രാജേഷ് കുമാർ സിൻഹ,**
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി .*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതായ, ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുഞ്ചിത്തണ്ണി വില്ലേജിലെ മൂന്നാർ ഫോറസ്റ്റ് ഡിവിഷന്റെ കിഴിലുള്ള ദേവികുളം ഫോറസ്റ്റ് റെയിഞ്ചിന്റെ അധികാര പരിധിയിലെ ബ്ലോക്ക് നമ്പർ 9 - ൽ ഭാഗം 1, ബ്ലോക്ക് നമ്പർ 10 - ൽ സർവ്വെ നമ്പർ 113 ൽ ഉൾപ്പെട്ട 87.37 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ കൈവശത്തിലും ഉടമസ്ഥതയിലും ഉള്ളതും 1993 - ൽ മെസ്സേഴ്സ് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് ക്യാപ്റ്റീവ് പ്ലാന്റേഷനായി പാട്ടവ്യവസ്ഥയിൽ കൈമാറിയിരുന്നതുമാണ്. പ്രസ്തുത ഭൂമിയിൽ 1994, 1999 വർഷങ്ങളിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മെസ്സേഴ്സ് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് യൂക്കാലിപ്സ് നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തു വന്നിട്ടുള്ളതും പാട്ടക്കരാർ അവസാനിച്ച മുറയ്ക്ക് 2020 മാർച്ച് 31 ന് ഭൂമി വനം വകുപ്പ് തിരിച്ചെടുത്തിരുന്നതുമാണ്. പ്രസ്തുത ഭൂമിയിൽ വിവിധ ഇനം വൃക്ഷങ്ങളും ഔഷധ സസ്യങ്ങളും സമൃദ്ധമായി വളർന്നു നിൽക്കുന്നതും വിവിധയിനം വന്യമൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ, ഉരഗങ്ങൾ, ഷഡ്പദങ്ങൾ എന്നിവയുടെ ആവാസ വ്യവസ്ഥയുമാണ്. പ്രസ്തുത സ്ഥലവും ആയതിലെ വൃക്ഷസമ്പത്തും ആവാസവ്യവസ്ഥയും സംരക്ഷിക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. അതിനാൽ, പ്രസ്തുത ഭൂമിയെ 1961 - ലെ കേരള വന ആക്റ്റിന്റെ (1962-ലെ 4) 4-ാം വകുപ്പ് പ്രകാരം 'ചെങ്കുളം റിസർവ്വ്' എന്ന പേരിൽ ഒരു റിസർവ്വ് വനമായി പ്രഖ്യാപിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA
## Forest & Wildlife (C) Department

## NOTIFICATION

G.O. (P) No.16/2022/F&WLD.

*Thiruvananthapuram, 10th May 2022*
*27 Medam, 1197*

**S. R. O. No. 597/2022**

In exercise of the powers conferred by section 4 of the Kerala Forest Act, 1961 (4 of 1962), the Government of Kerala hereby,-

(a) declare that it is proposed to constitute the land within the boundaries specified in the Schedule attached below as a Reserved Forest;

(b) appoint the Revenue Divisional Officer, Devikulam, *ex-officio*, to be the Forest Settlement Officer, in regard to the land within the boundaries specified in the Schedule to this notification, to inquire into and determine the existence, nature and extent of any rights claimed by, or alleged to exist in favour of, any person in or over any land comprised within such boundaries, or any forest produce of such land and to deal with the same as provided in the said Act; and

(c) appoint the Divisional Forest Officer, Munnar, *ex-officio*, to attend on behalf of the Government at any enquiry under Chapter II of the said Act held by the Forest Settlement Officer, appointed in this behalf.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# SCHEDULE

| District | Taluk | Village | Name of Forest Division | Name of Forest Range | Survey No. | Extent in Hectares | Boundaries North | East | South | West |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| Idukki | Devikulam | Kunjithani | Munnar | Devikulam | 1 part of Block 9, 113 part of Block 10 | 87.37 | Cheradykunnu Road and private possession in block 10, survey no. 113, then Anachal - Vellathooval road, KSEB Office and Village Office and again road. Then revenue land handed over to KSEB but in possession of private parties in block 9 survey No. 1 demarcated by Jundas | Revenue land hander over to KSEB but presently in the possession of private parties in block 9, survey No. 1 demarcated by Jundas | In land canal and then follows reservoir boundary extending through center of the proposed reserve upto the dam where the Anchal - Vellathooval road joined proposed reserve | The western boundary of Survey No. 113 of Block 10 demarcated by jundas and surrounded by Survey No. 229 136, 135, 134 133, 132, 114 and then reaches the starting point where Cheradykunnu road crosses the survey No. 113 and exclude private possession north of Cheradykunnu road in survey No. 113 |

1. Anchal- Vellathooval road crossing the proposed reserve from Village Office to Dam.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. Sengulam augmentation scheme area diverted from the plantation in the north central portion and separated from rest plantation by KSEB service road on west and stream on east.

By order of the Governor,

**RAJESH KUMAR SINHA,**

*Principal Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The area specified in the schedule to the notification having an extent of 87.37 hectares land comprised in Survey number 1 Part in Block - 9 and 113 Part in Block 10 of Kunjithanni Village, Devikulam Taluk in Idukki District which falls under the territorial jurisdiction of Devikulam Forest Range under Munnar Forest Division is under the possession and ownership of the Forest Department and was handed over to M/s Hindustan Newsprint Ltd in 1993 for raising captive plantations. M/s Hindustan Newsprint Ltd. had raised and maintained plantations of Eucalypts in 1994 and 1999 and on $31^{st}$ March, 2020 the entire land was resumed to Forest Department on expiry of the lease.

The said land has abundant growth of trees and medicinal plants and is the habitat of several wild animals, birds, fishes, reptiles, insects and herbal plants. It is the duty of the Government to protect the said land, tree growth and the ecosystem thereon. Therefore, the Government finds it necessary to declare the land as a Reserved Forest named 'Sengulam Reserve' under the provisions of the Kerala Forest Act, 1961 (4 of 1962).

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by
Date:2022.06.14